നമ്പർ. സി3/5889/റ്റി.സി/2012.

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം-14,
[☎ 0471-2333337/2333317 ഫാക്സ് 0471-2333314]
[ഇ-മെയിൽ - tcoffice@keralamvd.gov.in ]
തീയതി, 16.10.2012.

പ്രേഷിതൻ,

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ്,

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും.

സർ,

വിഷയം :- മോട്ടോർ വാഹന വകുപ്പ് — പ്രൈവറ്റ് ബസ്സുകളിൽ യാത്ര ചെയ്യുന്ന വിദ്യാർത്ഥികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ - റിപ്പോർട്ട് ആവശ്യപ്പെടുന്നത് — സംബന്ധിച്ച്.

സൂചന :-
1. ഈ ഓഫീസിൽ നിന്നുള്ള 13.09.2012 ലെ സി3/5889/റ്റി.സി/2012 — നമ്പർ കത്ത്
2. സർക്കാരിന്റെ 25.08.2012, 06.10.2012 എന്നീ തീയതികളിലെ 12591/ബി1/12/ട്രാൻ നമ്പർ കത്ത്

സൂചന (1) പ്രകാരമുള്ള കത്തിലേയ്ക്ക് താങ്കളുടെ വ്യക്തിപരമായ ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു. പ്രൈവറ്റ് ബസ്സുകളിൽ യാത്രചെയ്യുന്നതിന് വിദ്യാർത്ഥികൾക്ക് അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ സംബന്ധിച്ചുള്ള ഒരു അടിയന്തിര റിപ്പോർട്ട് കേന്ദ്ര സർക്കാരിന്റെ കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്ന ദേശീയ കമ്മീഷന് സമർപ്പിക്കുവാൻ സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടതിനെ തുടർന്ന് താങ്കളുടെ കീഴിലുള്ള ഓഫീസുകളിൽ നിന്ന് റിപ്പോർട്ട് വാങ്ങി ക്രോഡീകരിച്ച് സെപ്റ്റംബർ മാസം 19-)0 തീയതിക്കകം ഈ ഓഫീസിൽ ലഭ്യമാക്കുവാൻ സൂചന (1) പ്രകാരം ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഒരു മാസം കഴിഞ്ഞിട്ടും തൃശ്ശൂർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ ഒഴികെയുള്ള ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരിൽ നിന്നും റിപ്പോർട്ട് ലഭിച്ചിട്ടില്ല. പ്രൈവറ്റ് ബസ്സുകളിൽ വിദ്യാർത്ഥികളുടെ യാത്രാ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് അവരുടെ സ്ഥാപന മേധാവികൾ വഴി എത്ര പരാതികൾ വന്നുവെന്നും അതിൽ എന്ത് നടപടി സ്വീകരിച്ചുവെന്നുള്ള വിശദാംശങ്ങൾ കൂടി സമർപ്പിക്കുവാൻ സൂചന രണ്ട് പ്രകാരം സർക്കാർ ആവശ്യപ്പെട്ടിരിക്കുകയാണ്. ആയതിനാൽ സൂചന (1) പ്രകാരം ആവശ്യപ്പെട്ട റിപ്പോർട്ടിനോടൊപ്പം മേൽപ്പറഞ്ഞ വിവരങ്ങൾ കൂടി ഉൾപ്പെടുത്തി

അടിയന്തിര റിപ്പോർട്ട് ഈ മാസം 20-10 തീയതിയ്ക്ക് മുൻപ് സമർപ്പിക്കുവാൻ ഇതിനാൽ നിർദ്ദേശം നൽകുന്നു. കേന്ദ്ര സർക്കാരിന് അടിയന്തിരമായ റിപ്പോർട്ട് സമർപ്പിക്കേണ്ടതുള്ളതുകൊണ്ട് എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും ഇതിൽ വ്യക്തിപരമായ ശ്രദ്ധ ചെലുത്തി റിപ്പോർട്ട് സമർപ്പിക്കേണ്ടതാണെന്നും ഇതിൽ അലംഭാവം കാണിക്കരുതെന്നും ഒന്നുകൂടി ഓർമ്മിപ്പിച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ,
ഒപ്പ്
ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ,
(എൻഫോഴ്സ്മെന്റ്)
ട്രാൻസ്പോർട്ട് കമ്മീഷണർക്കു വേണ്ടി.

പകർപ്പ്:-

എല്ലാ ആർ.റ്റി.ഒ/ ജോയിന്റ് ആർ.റ്റി.ഒ മാർക്കും (ഈ-മെയിൽ വഴി) അറിവിലേയ്ക്കും അതാത് ഡി.റ്റി.സി മാർക്ക് റിപ്പോർട്ട് സമർപ്പിക്കുവാനുമായി.

അംഗീകാരത്തോടെ

സീനിയർ സൂപ്രണ്ട്